മാന്യരെ,

തുറയൂര്. ഗ്രാമ പഞ്ചായത്തിന്റെ 2025-26 വർഷത്തേക്കുള്ള ബജറ്റ് ഞാൻ ഭരണ സമിതി മുമ്പാകെ അവതരിപ്പിക്കുകയാണ്. ബജറ്റ് അവതരണ വേളയിൽ ഇവിടെ സന്നിഹിതരായ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും മറ്റ് വിശിഷ്ടവ്യക്തികളെയും ഞാൻ അഭിവാദ്യം ചെയ്യുന്നു. തുറയൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയില് വിശ്വാസമർപ്പിച്ച മുഴുവന് ജനവിഭാഗങ്ങളുടെയും വികസന സ്വപ്നങ്ങൾ സാക്ഷാത്കരിച്ചുകൊണ്ട് പ്രവർത്തിക്കാന് നമ്മുടെ ഭരണസമിതിക്ക് കഴിയുന്നുണ്ട് എന്നത് ഇവിടെ പ്രസ്താവിക്കുന്നതില് എനിക്ക് അഭിമാനമുണ്ട് . 2025-26 വർഷവും സംസ്ഥാന സർക്കാറിന്റെ വികസന പ്രവർത്തനങ്ങളുടെ ചുവട് പിടിച്ചും, മുൻവർഷം തുടങ്ങിവെച്ച വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിലൂടെയും ഗ്രാമ പഞ്ചായത്തിന്റെ സർവ്വതോൻമുഖമായ വികസനം സാക്ഷാത്കരിക്കപ്പെടുന്നതിനുതകുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കാനുദ്ദേശിക്കുന്നത്. ഈ ഭരണ സമിതിയുടെ കാഴ്ചപ്പാട് വിഭാവനം ചെയ്യുന്ന അവസാന വർഷത്തെ ബഡ്ജറ്റ് എന്നതുകൂടി ഇതിന്റെ സവിശേഷതയാണ്. ആയത്കൊണ്ട് തന്നെ അടിസ്ഥാന വികസനത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനവും ആരേഗ്യമുള്ള ജനസമ്പത്തും എന്നതിന് പ്രാമുഖ്യം നൽകിയാണ് വികസന കാഴ്ചപ്പാടും അത് സാക്ഷാത്കരിക്കുന്നതിനുള്ള ബഡ്ജറ്റും നാടിനായി സമർപ്പിക്കുന്നു.

കാർഷിക മേഖലയില് വിവിധ കാർഷിക വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. നെൽകൃഷി,പച്ചക്കറി,വിവിധ ഇടവിളകൃഷികൾ മുതലായവ എല്ലാ വിളകളുടെയും ഉത്പാദന വർദ്ധനവ് ഈ ബജറ്റ് ലക്ഷ്യമിടുന്നു. ആവശ്യമായ മൃഗസമ്പത്ത് നേടുന്നതിനും പാൽ,ഇറച്ചി,മുട്ട എന്നിവയുടെ ഉത്പാദന വർദ്ധമവിലൂടെ സ്വയം പര്യാപ്തത കൈവരിക്കേണ്ടതായിട്ടുണ്ട്. 30% ഉത്പാദന മേഖലക്കായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ലൈഫ് ഭവന പദ്ധതിയിലൂടെ ഭവന നിർമ്മാണ മേഖലയിലെ അവശേഷിക്കുന്ന പ്രശ്നങ്ങള് പരിഹരിക്കുന്നതിനും 2025-26 വർഷത്തോടുകൂടി ഭവന രഹിതരായ ജനവിഭാഗങ്ങള് ഇല്ലാത്ത ഗ്രാമം എന്ന തലത്തിലേക്ക് നമ്മുടെ പഞ്ചായത്തിനെ മാറ്റുന്നതിനും ബഡ്ജറ്റ് ലക്ഷ്യമിടുന്നു. എഗ്രിമെന്റ് വെച്ച മുഴുവന് ഭവന നിർമ്മാണ പ്രവൃത്തികളും പൂര്ത്തീകരിക്കും ഇനി എഗ്രിമെന്റ്

വെക്കാന് ബാക്കിയുള്ള മുഴുവന് പേര്ക്കും 2025-26 സാമ്പത്തിക വര്ഷം എഗ്രിമെന്റ് വെച്ച് വീടു പണി ആരംഭിക്കുന്നതിനുള്ള നടപടികള് സ്വീകരിക്കും.

പഞ്ചായത്തിലെ തൊഴില് മേഖലയിലെ പ്രശ്നങ്ങള് പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകള് നടത്തുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തുന്നു. സംസ്ഥാന സർക്കാര് പ്രഖ്യാപിച്ച അതിദരിദ്രരെ കണ്ടെത്തുന്ന പദ്ധതിയിലൂടെയും, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെയും ദാരിദ്ര ലഘൂകരണ മേഖലയില് ഇടപെടലുകള് നടത്തുന്നതിനുമാണ് നാം ലക്ഷ്യമിടുന്നത്.

സാമൂഹ്യ നീതി വനിത വികസന മേഖലയിൽ വിപുലമായ പദ്ധതികളാണ് നടപ്പിലാക്കുന്നത്. പോഷകാഹാര വിതരണം അംഗൻവാടികളുടെ നവീകരണം അംഗൻവാടി കെട്ടിട നിർമ്മാണം.ഭിന്നശേഷിക്കാർക്കുള്ള വിവിധ പദ്ധതികള് മുതലായ പ്രോജക്ട്കളിലൂടെ ഈ മേഖലയിലുള്ളവരുടെ സമഗ്രമായ ഉന്നമനം സാക്ഷാത്ക്കരിക്കുമെന്നു തന്നെയാണ് പ്രതിക്ഷിക്കുന്നത്. കുട്ടികൾ,വയോജനങ്ങൾ എന്നിവർക്കും ആവശ്യമായ തുക ബജറ്റില് വകയിരുത്തുന്നുണ്ട്. പുരുഷൻമാരെ പോലെ സ്ത്രീകളും എല്ലാ മേഖലയിലും ഇടപെടുന്ന ഒരു സാമൂഹികാന്തരീക്ഷത്തിലേക്ക് നാം മാറിക്കഴിഞ്ഞു. വിവിധ വനിതാ വികസന പ്രോജക്ടുകൾക്കായി, വനിതാ ഘടക പദ്ധതിക്ക് 18,84000 രൂപ,കുട്ടികൾക്ക്, 19,12000 വൃദ്ധർക്ക് 1192400 രൂപ,ഭിന്നശേഷി ക്ഷേമത്തിന് 4,76620 രൂപയും വിദ്യാഭ്യാസമേഖലയ്ക്ക് 2709650 രൂപയും,കൃഷിക്ക് 5,26975 രൂപയും മൃഗസംരക്ഷമത്തിന് 19,57000 രൂപയും മാലിന്യ സംസ്കരണത്തിന് 9010570 രൂപയും വകയിരുത്തിയിട്ടുണ്ട്. പൊതുജനാരോഗ്യരംഗത്ത് വിപുലമായ ഇടപെടലാണ് ഗ്രാമ പഞ്ചായത്ത് നടത്തുന്നത് ആരോഗ്യരംഗത്ത് പ്രതിരോധ പ്രവർത്തനങ്ങൾക്കും പകർച്ചവ്യാധി നിയന്ത്രണത്തിനും എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ ഭരണസമിതി പ്രതീക്ഷിക്കുന്നു. പെയിൻ&പാലിയേറ്റിവ് പദ്ധതി,ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങൽ ആശുപത്രികൾക്ക് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കൽ,ജീവതാളം തുടങ്ങിയ പദ്ധതികൾ നടപ്പാക്കാന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

പൊതുജനാരോഗ്യരംഗത്തും,ശുചിത്വബോധത്തിലും വളരെ ഉന്നത നിലവാരം പുലർത്തുന്നവരാണ് നമ്മള് മാലിന്യ നിർമ്മാർജ്ജനരംഗത്തും പൊതുഇടങ്ങള് ശുചികരിക്കുന്ന കാര്യത്തിലും ഭാവനാ പൂർണ്ണമായ നിരവധി പദ്ധതികളാണ് സംസ്ഥാന സർക്കാറും ഗ്രാമ പഞ്ചായത്തും നടത്തിവരുന്നത്. മൊബൈൽ ആപ്പ് വഴി വീടുകളില് നിന്ന് ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളുടെ വിവരങ്ങളും ലഭിക്കുന്ന തുകയും രേഖപ്പെടുത്തുന്നതിന് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കി. തുറയൂർ ഗ്രാമ പഞ്ചായത്ത് 2024-25 സാമ്പത്തിക വർഷത്തില് മാലിന്യ സംസ്കരണ രംഗത്ത് പഞ്ചായത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായ സമ്പൂർണ്ണ ശുചിത്വം ശാസ്ത്രീയ രീതികളിലൂടെയുള്ള മാലിന്യ സംസ്കരണം എന്നിവ നടപ്പിലാക്കാന് വിവിധ കർമ്മ പദ്ധതികളും പ്രചാരണങ്ങളും ആസൂത്രണം ചെയ്യുകയും നടപ്പിതാക്കുകയും ചെയ്തു. ശുചിത്വ മേഖലയിൽ മാത്രം 4281175 രൂപയ്ക്ക് പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി. ഇനിഞാൻഒഴുകട്ടെ ക്യാമ്പെയിനില് ജനകീയ പങ്കാളിത്തത്തോടെ പഞ്ചായത്തിലെ മുഴുവൻ ജലാശയങ്ങളിലേയും മാലിന്യം നീക്കം ചെയ്ത് ശുചിയാക്കി. ഹരിത കർമ്മ സേനയുടെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിലെ മുഴുവന് വീടുകളില് നിന്നും കടകളില് നിന്നും അജൈവ മാലിന്യങ്ങള് ശേഖരിച്ച് തരം തിരിച്ച് കയറ്റി അയച്ചു. നിരന്തരമായ പ്രവർത്തനങ്ങളിലൂടേയും മോണിറ്ററിംഗിലൂടേയും തുറയൂർ ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്താക്കി മാറ്റി. കോഴിക്കോട് ജില്ലയിൽ ആദ്യത്തെ സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്തായി തുറയൂർ ഗ്രാമ പഞ്ചായത്തിനെ 14/03/2025 ന് പ്രഖ്യാപിച്ചു

വിദ്യാഭ്യാസരംഗത്ത് വിവിധ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് വകയിരുത്താന് ബജറ്റ് ശ്രദ്ധ കൊടുത്തിട്ടുണ്ട്. കേരളോത്സവം,ബാലസഭ ഭിന്നശേഷി കലോത്സവം എന്നിവ നടത്തിപ്പിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നു.പട്ടികജാതി വിഭാഗങ്ങൾക്കുള്ള പ്രത്യേക ഘടകപദ്ധതി പ്രകാരം 50 ലക്ഷത്തിലധികം രൂപയുടെ പദ്ധതികള് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വെല്ഫെയര് സ്കൂളിന് സ്ഥലം വാങ്ങല് പദ്ധതിക്ക് 12 ലക്ഷം രൂപയും കൂനംവെള്ളി ശ്മശാനത്തിന് 7,98000 രൂപയും വകയിരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പഠനമുറി,ലൈഫ് പദ്ധതിയിലൂടെയുള്ള പ്രത്യേക ധനസഹായം തുടങ്ങിയ പദ്ധതികളും ഈ മേഖലയില് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു പഞ്ചായത്ത് ഓഭീസിന് സ്ഥലം വാങ്ങുന്നതിന് 15 ലക്ഷം രൂപ ചിലവാക്കിയിട്ടുണ്ട് ഇനി 6 ലക്ഷം രൂപ കൂടി 2025-26 വര്ഷത്തെ ബഡ്ജറ്റില് വകയിരുത്തുന്നു.

.ഗ്രാമീണ റോഡുകളുടെ പൂർത്തികരണത്തിന് 2025-26 വർഷത്തില് തുക വകയിരുത്തുന്നു. കുടിവെള്ള മേഖല ജലജീവൻ മിഷന് പ്രവർത്തനം ആരംഭിടച്ചതോടുകൂടി സ്വയം പര്യാപ്തത നേടിയിട്ടുണ്ട്. ചിരകാലമായി നാം നേരിട്ട ശുദ്ധമായ കുടിവെള്ളം ലഭ്യമല്ലാത്ത ഗുരുതരമായ സാഹചര്യം തീർത്തും അവസാനിപ്പിക്കാന് ഈ ഭരണസമിതിക്കായതില് ചാരിതാർത്ഥമുണ്ട്. ഇതിനു വേണ്ടി പ്രയത്നിച്ച മുഴുവൻ പേർക്കും ഈ അവസരത്തില് ഭരണസമിതിയുടെ അഭിനന്ദനം അർപ്പിക്കുയാണ്.

പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങള് വേഗത്തിലും സുതാര്യമായും നൽകുന്നതിന് നാം പ്രതിജ്ഞാബദ്ധരാണ്. വിവിധ സേവനങ്ങൾ ഇപ്പോള് തന്നെ ഓൺലൈന് സംവിധാനത്തിലേക്ക് മാറിക്കഴിഞ്ഞു. ഐ.എൽ.ജി.എം.എസ് സംവിധാനം വന്നതോടെ ഗ്രാമ പഞ്ചായത്ത് സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി മാറിയിരിക്കുന്നതിനോടൊപ്പം സിറ്റിസണ് ഫെസിലിറ്റേഷന് സെന്ററും നടപ്പാക്കികഴിഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷത്തില് ഗ്രാമ പഞ്ചായത്ത് ഓഫീസ് നേടിയ ഐ.എസ്.ഒ സർട്ടിഫിക്കേഷന് കാലാവധി കഴിഞ്ഞിരിക്കുകയാണ് പുതിയ ഐ.എസ്.ഒ സർട്ടിഫിക്കേഷന് ലഭിക്കുന്നതിനുള്ള ശ്രമം നടത്തിവരികയാണ്.

മിഷൻ തുറയൂറിന്റെ ഭാഗമായും ലീപ് പദ്ധതിയുടെ ഭാഗമായും വനിതകൾക്കും പുരുഷൻമാർക്കും പ്രത്യേകം പ്രത്യേകമായി ഫണ്ട് വകയിരുത്തി സംരംഭം ആരംഭിക്കാൻ ബഡ്ജറ്റ് ലക്ഷ്യമിടുന്നു.

ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികള് ബജറ്റില് വിഭാവനം ചെയ്തിട്ടുണ്ട്.കെട്ടിട നികുതി,ലൈസൻസ് ഫീ,തൊഴില് നികുതി ഉൾപ്പെടെയുള്ള വിവിധ നികുതികളും ഫീസുകളും 100% പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി മണിയൂർ എഞ്ചിനിയറിംഗ് കോളേജ് വിദ്യാർത്ഥികളെ ഉപയോഗിച്ച് ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം ചിട്ടപ്പെടുത്തി നികുതി വർദ്ധിപ്പിക്കുന്നതിനും നികുതി ചുമത്താത്ത കെട്ടിടങ്ങൾ കണ്ടെത്തി നികുതി ചുമത്തുന്നതിനും മുഴുവന് വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് പരിധിയില് കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുന്നതിനുമുള്ള കഴിഞ്ഞ ബജറ്റിലെ നിർദേശങ്ങള് നടപ്പാക്കി വരുമാന വർദ്ധന ഉറപ്പാക്കിയിട്ടുണ്ട്. 4000 കെട്ടിടങ്ങൾ പരിശോധിച്ച് മാറ്റം വരുത്തിയ 640 കെട്ടിടങ്ങൾക്ക് നോട്ടീസ് നൽകുകയും,400 കെട്ടിടങ്ങളുടെ

റിവിഷൻ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനം അടുത്ത വർഷവും തുടരുകയാണ് ഇതിനോടകം തന്നെ 15 ലക്ഷം രൂപ വർദ്ധനവ് തനത് ഫണ്ടില് ലഭ്യമായിട്ടുണ്ട്.

നവകേരളത്തിനായി ജനകീയാസൂത്രണ മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് തുറയൂർ. ഗ്രാമ പഞ്ചായത്തിന്റെ എല്ലാ മേഖലകളിലുമുള്ള വികസനമാണ് നാം ഏറ്റെടുത്തിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് 2025-26 വർഷത്തേക്കുള്ള ബജറ്റ് സഹായകരമാകുമെന്ന പ്രതീക്ഷയോടെ 16,57,63,805 രൂപ വരവും 16,38,33,687 രൂപ ചെലവും 19,30,118 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റ് ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

(ഒപ്പ്)

ശ്രീജ, മാവുള്ളാട്ടിൽ

വൈസ് പ്രസിഡണ്ട്

തുറയൂർ ഗ്രാമ പഞ്ചായത്ത്